**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5923** **04.07.2019-ൽ മറുപടിക്ക്**

## പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള പട്ടാമ്പി പാലത്തിന്റെ കൈവരികളിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിളക്കുകൾ സ്ഥാപിക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) & (ബി) | പട്ടാമ്പി പാലത്തിന്റെ കൈവരികളിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗമാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്കുള്ള 15,20,000/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ല കളക്ടർക്ക് തൃശ്ശൂർ വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ